## ജി.എച്ച്.എസ്.എസ്. തിരുവള്ളൂർ



# സൃഷ്ടി . കോം



# താളുകൾ മറിക്കുമ്പോൾ.........

## ഉള്ളടക്കം


- ജി.എച്ച്.എസ്.എസ്.നിറമരുതൂർ-ചരിത്രവഴികൾ
- എന്റെ വിദ്യാലയം
- ചിലമ്പൊലി
- എന്റെ കേരളം
- നീതി
- ലഹരിക്കെതിരെ ആഞ്ഞടിക്കാം
- ബാല്യം
- ഒരു കൊറോണ കാലം
- പ്രകൃതി
- പുണ്യ നദി പമ്പ
- തിരിച്ചറിവ്
- കോവിഡൂട്ടി
- നിഴലിനെ നീക്കും പ്രദ
- മനസ്സ്
- അക്ഷരവിദഗ്ദനം

# ആമുഖം

## ജി.എച്ച്.എസ്.എസ്.നിറമരുതൂർ-ചരിത്രവഴികൾ

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലെ മഹത്തായ ഒരേടാണ് നമ്മുടെ സ്ക്കൂളിന്റെ ചരിത്രം. രാഷ്ട്ര പിതാവായ മഹാത്മജി യുടെ നേതൃത്വത്തിൽ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരെയും മനുഷ്യമനസ്സിലെ മതിലുകൾ ക്കെതിരെയും സഹനസമരം കൊടുമ്പിരിക്കൊണ്ടിരുന്ന കാലം. അതിന്റെ അലയൊലികൾ സ്വാഭാവികമായും നിറമരുതൂരെന്ന നമ്മുടെ ഗ്രാമത്തിലും എത്തിച്ചേർന്നു സാംസ്കാരിക നവോത്ഥാനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് എന്തെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സമൂഹത്തിലെ ഒരു വിഭാഗത്തിന് നിഷിദ്ധമെന്ന് വിധിച്ചിരുന്ന വിദ്യാഭ്യാസം സാർവത്രികമാക്കാൻ ശ്രമിച്ചപ്പോൾ, സ്വാഭാവികമായുണ്ടായ എതിർപ്പുകളെ പരാജയപ്പെടുത്തി ജന്മംകൊണ്ടൊരു മഹത്തായ സ്ഥാപനത്തിന്റെ ഇന്നത്തെ അവകാശികളാണ് നാമോരോരുത്തരും.1921 ൽ നിറമരുതൂർ വള്ളിക്കാഞ്ഞിരം പ്രദേശത്ത് മലബാർ ലോക്കൽ ബോഡി യുടെ കീഴിൽ ഒരു സ്ക്കൂൾ നിലനിന്നിരുന്നു. പറവന്നൂർ പണിക്കൻ മാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആയിരുന്നു സ്ക്കൂൾ പ്രവർത്തിച്ചിരുന്നത്. സവർണ്ണ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മാത്രമേ അന്നവിടെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ.

"പഠിക്കാനുള്ള അവകാശം സവർണ്ണനു മാത്രമല്ല, എല്ലാ മനുഷ്യർക്കുമുണ്ട്. അതിനാൽ സവർണ്ണ അവർണ്ണ വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും പഠിക്കാനുള്ള അവസരം ഒരുക്കണം".

നമ്മുടെ ദേശീയ നേതാക്കളുടെ ത്യാഗോജ്ജ്വലമായ സഹനസമരത്തിന്റെ ഫലമായി അന്നത്തെ ഭരണകൂടത്തിന് ഇത്തരത്തിലൊരുത്തരവ് പുറപ്പെടുവിക്കേണ്ടിവന്നു. എല്ലാ വിഭാഗം കുഞ്ഞുങ്ങൾക്കും പഠനസൗകര്യമൊരുക്കണമെന്ന നിർദ്ദേശം കെട്ടിട ഉടമകളായിരുന്ന പറവന്നൂർ

പണിക്കന്മാർ നിഷ്ക്കരുണം തള്ളിക്കളഞ്ഞു.

ജാതിമതഭേദമെന്യേ എല്ലാ കുട്ടികളെയും പഠിപ്പിക്കാൻ തന്നെ അനുവദിക്കണമെന്ന അപേക്ഷയുമായി സമീപിച്ച അന്നത്തെ പ്രധാനാധ്യാപകൻ ശ്രീ ഗോപാലൻ നായരോട് 'അത് ഇവിടെ നടക്കില്ല മറ്റൊരു സ്ഥലംഅന്വേഷിചോളൂ എന്ന് നിർലജ്ജം, നിഷ്ക്കരുണം മൊഴിയുമ്പോൾ ഒരു ചരിത്ര രചനക്കുള്ള സന്ദർഭം ഒരുങ്ങുകയാണെന്ന് പറഞ്ഞവരും, കേട്ടവരും കരുതിയില്ല പരിഹാസത്തിന്റെ ക്രൂരമ്പുകളേറ്റ തകർന്ന മനസ്സോടും, തന്റെ ജീവനോപാധി നഷ്ടപ്പെടുന്നതിലുള്ള ദുഃഖത്തോടും, നമ്രശിരസ്കനായി നിറമരുതൂരിന്റെ ഗ്രാമ വീഥിയിലൂടെ നടന്നുനീങ്ങിയ അന്നത്തെ പ്രധാനാധ്യാപകൻ ഭാഗ്യവശാൽ ചെന്ന് പെട്ടത് ഗാന്ധിയനും, മനുഷ്യസ്നേഹിയുമായിരുന്ന ശ്രീ മങ്ങാട് കുട്ടികൃഷ്ണൻ നായരുടെ മുന്നിലായിരുന്നു. 'എന്താ മാഷേ മുഖത്തൊരു വല്ലായ്മ' എന്ന ചോദ്യം കേട്ട് തല ഉയർത്തി നോക്കിയ ഗോപാലൻനായർ കണ്ടത് ഒരു അവതാര പുരുഷനെ തന്നെയാണ്. തന്റെ മനോവിഷമം വിവരിച്ച ഗോപാലൻ നായരോട് കുട്ടികൃഷ്ണൻ നായർ പറഞ്ഞ മറുപടി ഇന്നും ഇവിടെ മുഴങ്ങുന്നില്ലേ? അല്ലെങ്കിൽ മുഴങ്ങേണ്ടതല്ലേ എന്ന് ഞാൻ ന്യായമായും സംശയിക്കുന്നു 'ചിലരുടെ തലയിൽ വെളിച്ചം വീഴാൻ ഇനിയും സമയമെടുക്കും. കുഞ്ഞുങ്ങളെ പഠിപ്പിക്കുകയെന്നത് നമ്മുടെ കർത്തവ്യമാണ്. അതിന് നമുക്ക് സൗകര്യമൊരുക്കാം. ' തന്റെ തറവാട്ടുവക സ്ഥലത്ത് വീടിനോട് ചേർന്ന് സ്ക്കൂൾ പ്രവർത്തിക്കാൻ അനുമതി നൽകിയ കുട്ടികൃഷ്ണൻ നായർ ഒരു ചരിത്രം രചിക്കുകയായിരുന്നു. തൊട്ടടുത്ത ദിവസം മുതൽ പ്രവർത്തിച്ചു തുടങ്ങിയ സ്ക്കൂളിൽ പഠിക്കാനെത്തിയത് 12 കുട്ടികൾ മാത്രം ആയിരുന്നു. എങ്കിലും വർഗീയ ഭ്രാന്തന്മാർ

മനുഷ്യമനസ്സിൽ പണിതുയർത്തിയ മതിലുകൾ തകർത്തെറിഞ്ഞു, സമത്വസുന്ദരമായ ഒരു

നാളെയെ സ്വപ്നം കണ്ട്, പീഡിതരോടൊപ്പം ചേർന്നിരുന്നു പഠിക്കാൻ തയ്യാറായ മഹത്തുക്കളെ സ്മരിക്കാത്തിരുന്നാൽ അതൊരു നന്ദികേടായി പോകും.
1922 ൽ സ്കൂൾ, മലബാർ ലോക്കൽ ബോഡി ഏറ്റെടുത്തു. മങ്ങാട് വക പറമ്പിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് ആദ്യം സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്. മനുഷ്യസ്നേഹികളും നവോത്ഥാന നായകരും ആയിരുന്നു ആദ്യകാല അധ്യാപകരുടെ

ശ്രമഫലമായി നാട്ടുകാരുടെ സഹകരണത്തോടെ ഇപ്പോൾ യുപി വിഭാഗം പ്രവർത്തിക്കുന്ന സ്ഥലം








വാങ്ങി സർക്കാരിന്നു സമർപ്പിച്ചു. പ്രസ്തുത സ്ഥലത്ത് സർക്കാർ നിർമിച്ചു നൽകിയ കെട്ടിടത്തിലേക്ക് സ്കൂളിന്റെ പ്രവർത്തനം മാറ്റപ്പെട്ടു. 1957-ൽ യുപി സ്കൂളായും 1981 -ൽ ഹൈസ്കൂളായും 2004 -ൽ ഹയർസെക്കൻഡറി സ്കൂളായും ഉയർത്തപ്പെട്ടു. ഇപ്പോൾ ഹൈസ്കൂളായി പ്രവർത്തിക്കുന്ന സ്ഥലം



# ശ്രീ. വിനോദൻ മൂഴിക്കൽ

## ഹെഡ്മാസ്റ്റർ

**അക്ഷരങ്ങൾ അറിവാണ് അറിവിൻ്റ ചുവടുവെപ്പെന്നോണം ലിററിൽ കൈററ് അംഗങ്ങൾ നടത്തുന്ന ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.**



ഫൗസി എം.കെ
സീനിയർ അധ്യാപകൻ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന സൃഷ്ടി . കോം എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു



**മീന എം**

**സീനിയർ അധ്യാപിക**

**സഫലമായ ഒരു അക്കാദമിക വർഷത്തിന്റെ അവസാന പാദത്തിൽ അനുഭവങ്ങളും പ്രതീക്ഷകളും അക്ഷരങ്ങളായി മാറുന്ന ഈ താളുകളിൽ നിറഞ്ഞുനിൽക്കുന്ന നന്മകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.**

# പെൻ



## സ്റ്റുഡൻറ് എഡിറ്റർ

ശ്രീലക്ഷ്മി

## സബ്- എഡിറ്റേഴ്സ്



മിൻഹ ഒ പി



നിവേദിത



നഹാസ്



മുഹമ്മദ് സിനാൻ ടി . പി

## സ്റ്റാഫ് എഡിറ്റേഴ്സ്



ദീപ്തി.ഇ.കെ
അധ്യാപിക



സജിത.ഐ.വി
അധ്യാപിക

# ജിഎച്ച്എസ്എസ് നിറമരുതൂർ.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിൽ താനൂർ ഉപജില്ലയിലെ മങ്ങാട് എന്ന  സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ജിഎച്ച്എസ്എസ് നിറമരുതൂർ.
1936 ൽ മങ്ങാട് കുട്ടികൃഷ്ണൻ നായരും ഒന്നാമത്തെ എച് .എം. ഗോവിന്ദന് നായരും മറ്റു നാട്ടുകാരും കൂടി എൽ. പി സ്കൂൾ സ്ഥാപിച്ചു



# എൻെറ വിദ്യാലയം

ബാല്യത്തിൽ അക്ഷരം കുറിച്ചിട്ടുമെൻ വിദ്യാലയം
അറിവിൻ വെളിച്ചം പകർന്നു നൽകുമെൻ
വിദ്യാലയം
ഓർമ്മതൻ പൂക്കൾ വിടരും വിദ്യാലയം
സഹപാഠി ബന്ധം പുലർത്തുമെൻ വിദ്യാലയം
പിഞ്ചു മനസ്സിൽ കൂട്ടായി എത്തുമെൻ അധ്യാപകർ
കയ്യോട് കൈകോർത്ത് നടന്നിട്ടുമെൻ കൂട്ടുകാർ
അകതാരിൽ അമൃതേകും അവർതൻ അവർതൻ
നിനവുകൾ
ആ നിനവെന്നെന്നും എന്നിൽ നിറയട്ടെ
നിനവുകൾ
ആ നിനവെന്നെന്നും എന്നിൽ നിറയട്ടെ



ആരതി എൽ.
9C



# ചിലമ്പൊലി2k23

2023ലെ സ്കൂൾ കലാമേള ഒക്ടോബർ 3 4 തീയതികളിലായി സ്കൂൾ അങ്കണത്തിൽ വച്ച് നടക്കുകയുണ്ടായി.രണ്ടുദിവസങ്ങളിലായി നീണ്ടു നിന്ന കലാപരിപാടികൾ നാലു വേദികളിൽ നിറഞ്ഞാടി രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ ഓരോ വേദികളിലും വ്യത്യസ്ത കലകൾ മാറ്ററച്ചു. പഞ്ചായത്ത് പ്രസിഡൻറ് അധ്യക്ഷ്യംവഹിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്തത് ജില്ലാ പഞ്ചായത്ത് മെമ്പർ .....ആണ്.ലൂസിഫർ ഫിലിമിലെ ആദർശ് പി ഹരീഷ് ചടങ്ങിലെ മുഖ്യാതിഥിയായി . കുട്ടികളുടെ പങ്കാളിത്തവും ചിട്ടയായ ആസൂത്രണ മികവും സമയനിഷ്ഠയും എല്ലാം ശ്രദ്ധേയമാണ് അക്കാര്യത്തിൽ കലാമേള കൺവീനർ രാജ ടീച്ചറുടെ ഇടപെടൽ അഭിനന്ദനാർഹം തന്നെ. അതുപോലെതന്നെ കലാമേളയുടെ ഒരുക്കങ്ങൾ പൂർത്തീകരിക്കുന്നതിനും അടിസ്ഥാന കാര്യങ്ങൾ ഒരുക്കുന്നതിലും ഉദ്ഘാടന സമ്മേളനം ധന്യമാക്കുന്നതിലും കലോത്സവത്തിന്റെ ആദ്യാവസാനം വരെ പി.ടി.എ യുടെ നിറസാന്നിധ്യം എടുത്തു പറയേണ്ടതാണ്. ഗ്രീൻ റൂം,വേദികൾ, അടുക്കള തുടങ്ങി എല്ലായിടങ്ങളിലും ചുമതലയുള്ള അധ്യാപകർ അവരുടെ കർത്തവ്യങ്ങൾ ഭംഗിയായി നിർവഹിച്ചു.

നവംബർ 13, 14 ,15 ,16 തീയ്യതികളിലായി CPP HMHSS ഒഴൂരിൽ വച്ച് നടന്നഉപജില്ല കലോത്സവത്തിൽ സ്കൂൾ കലോത്സവത്തിൽ മത്സരിച്ച എല്ലാ ഇനങ്ങളിൽ നിന്നും ഒന്നാം സ്ഥാനവും എ ഗ്രേഡും നേടിയ കുട്ടികളെ പങ്കെടുപ്പിച്ചു. അതിൽ ഏഴ് ഇനങ്ങൾ ഗ്രൂപ്പിനങ്ങളായിരുന്നു പങ്കെടുത്ത 20 ഇനങ്ങളിൽ എ ഗ്രേഡും എഗ്രേഡോട് കൂടി ഒന്നും രണ്ടും സ്ഥാനങ്ങളും 12 ഇനങ്ങളിൽ ബിഗ്രേഡും 8 ഇനങ്ങളിൽ സീ ഗ്രേഡും നമ്മുടെ കുട്ടികൾ കരസ്ഥമാക്കി സംഘനൃത്തം സംഘഗാനം മലയാളം നാടോടി നൃത്തം പദ്യം ചൊല്ലൽ മലയാളം തുടങ്ങിയ ഇനങ്ങൾ  ജില്ലാ കലോത്സവത്തിലേക്ക് അർഹത നേടി. ലളിതഗാനം ഗേൾസ് അപ്പീൽ പോവുകയും ചെയ്തു. കലോത്സവത്തിൽ എടുത്തു പറയേണ്ട മറ്റൊന്ന് നമ്മുടെ സ്കൂളിൽനിന്ന് ആദ്യമായി പ്രിയപ്പെട്ട ഉണ്ണി മാഷിൻറെ നേതൃത്വത്തിൽ ഉപജില്ലയിൽ നാടകം മത്സരയിനമായി പങ്കെടുപ്പിച്ചു. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് നമ്മുടെ കുട്ടികളുടെ കഴിവിൽ മാത്രം വിശ്വാസം അർപ്പിച്ചു കൊണ്ടാണ് ഉണ്ണി മാഷ് അതിനു തയ്യാറായത്.ലക്ഷങ്ങൾ ചെലവിട്ട് പ്രാക്ടീസ് നൽകി, സജ്ജീകരണങ്ങൾ ഒരുക്കിയ നാടകങ്ങൾക്കിടയിൽ നിന്ന് നമ്മുടെ കുട്ടി മികച്ച നടി എന്ന സ്ഥാനം നേടിയെടുത്തപ്പോൾ അധ്യാപകരായ ഞങ്ങളുടെ കണ്ണുകൾ സന്തോഷാധിക്യത്താൽ നിറഞ്ഞുപോയി അതിനു കുട്ടികളെ പ്രാപ്തരാക്കിയ



ഞങ്ങളുടെ പ്രിയപ്പെട്ട ഉണ്ണി മാഷിന് കൂപ്പുകൈ അർപ്പിക്കുന്നു. ഉപജില്ലാ കലോത്സവത്തിനും ജില്ലാ കലോത്സവത്തിനും റിഹേഴ്സൽ നൽകിയും എസ്കോർട്ടിങ് വന്നും ഒന്നിച്ചു നിന്ന നമ്മുടെ മറ്റു സഹപ്രവർത്തകർ എല്ലാറ്റിനും നേതൃത്വം വഹിച്ചു മുന്നിൽ നിന്ന പ്രധമാധ്യാപകൻ വിനോദ് മാഷ് എല്ലാവരുടെയും സാന്നിധ്യം പ്രശംസനീയമാണ്. അങ്ങനെ ഒരു കൂട്ടായ്മയുടെ ഒത്തൊരുമയാണ് ഈ കലാമാമാങ്കത്തിൽ കണ്ടത്. വിജയകരമായി അതിന് തിരശ്ശീല വീണതും അതുകൊണ്ടുതന്നെ. നന്മയുടെയും സഹകരണത്തിൻ്റെയും പാഠങ്ങൾ പകർന്നുകൊണ്ട് ചിലമ്പൊലി 2K 23 ക്ക് അങ്ങനെ പര്യവസാനമായി.



.



2023 - 24 അധ്യയന വർഷം സ്കൂളിന് മികച്ചൊരു സ്പോർട്സ് വർഷം കൂടിയായിരുന്നു.മുൻ വർഷങ്ങളെ അപേക്ഷിച്ച് താനൂർ സബ് ജില്ലയിൽ അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.അറുപതോളം കുട്ടികൾ സബ്ജില്ലാതലത്തിലും  അമ്പതോളം കുട്ടികൾ ജില്ലാതലത്തിലും യോഗ്യത നേടി. മുപ്പതോളം കുട്ടികൾ സ്റ്റേറ്റ് തലത്തിൽ പങ്കെടുക്കുകയും പതിനാല് കുട്ടികൾ ദേശീയതലത്തിൽ യോഗ്യത നേടുകയും ചെയ്തു.പതിമൂന്ന് കുട്ടികൾ ഖൊ-ഖൊ ഇനത്തിൽ ദേശീയതലത്തിൽ പങ്കെടുത്തു. ഒരു കുട്ടി തൈഖോണ്ട  ദേശീയതലത്തിൽ പങ്കെടുത്തു.



# എന്റെ കേരളം

ഇന്ത്യ മഹാരാജ്യത്തിന്റെ തെക്ക് പടിഞ്ഞാറ്
അറ്റത്തായി
സ്ഥിതിചെയ്യുന്ന ഒരു കൊച്ചു സംസ്ഥാനമാണ്
കേരളതിളങ്ങുന്ന നക്ഷത്രങ്ങൾ ആണ്.ഇന്ത്യ
മഹാരാജ്യത്തിന്റെ തെക്ക് പടിഞ്ഞാറ്
അറ്റത്തായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചു
സംസ്ഥാനമാണ് കേരളം കാടുകളും ഒഴുകുന്ന
പുഴകളും പ്രകൃതിരമണീയമായ മലകളും എല്ലാം
നിറഞ്ഞ സുന്ദര ഭൂമിയാണിത് .ഒരുപാട്
വിനോദസഞ്ചാരികളെ ആകർഷിപ്പിക്കുന്ന ഒരു
പറുദീസ കൂടിയാണിത്. അതുകൊണ്ട് തന്നെ
കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന്
വിശേഷിപ്പിക്കുന്നു.



കേവലം പ്രകൃതി ഭംഗി മാത്രമല്ല,പുരാതന
കാലം മുതൽ തന്നെ കലാകായിക സാംസ്കാരിക
മേഖലകളിൽ
ുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം
കൂടിയാണ് നമ്മുടെ കൊച്ചു കേരളം .കേരളത്തിൽ
14ജില്ലകളും 44 നദികളും ഉൾപ്പെടുന്നു.
കേരളത്തിനിമ വിളിച്ചോതുന്ന കഥകളി,
ഓട്ടൻതുള്ളൽ, കൂടിയാട്ടം എന്നീ കലാരൂപങ്ങളും
കേരളത്തിൻേറതായിട്ടുണ്ട്.

സാക്ഷരതയുടെ കാര്യത്തിൽ
മുൻപന്തിയിൽ തന്നെയാണ് കേരളം .പ്രശസ്ത
എഴുത്തുകാരും കവികളും ഈ നാടിന്റെ
പ്രശസ്തിയും അന്തസ്സും ഉയർത്തിപ്പിടിക്കുന്നുന്നു.
ചെറുശ്ശേരി, വള്ളത്തോൾ, കുഞ്ചൻ നമ്പ്യാർ,
എഴുത്തച്ഛൻ, കുമാരനാശാൻ തുടങ്ങിയവർ എന്നും
ഈ നാടിന്റെ മുതൽക്കൂട്ടാണ്. വേലുത്തമ്പി ദളവ,
കുഞ്ഞാലി മരക്കാർ, പഴശ്ശിരാജ തുടങ്ങിയ
വീരയോദ്ധാക്കളും നമ്മുടെ
കേരളത്തിന്റെതിളങ്ങുന്ന നക്ഷത്രങ്ങൾ ആണ്.



# നീതി

രണ്ടു
വർഷത്തിനു
ശേഷമാണ്
പിന്നീട് അവർ
കണ്ടുമുട്ടുന്നത് .
വേദികയും
ആയിഷയും
സ്കൂളിൽ
പഠിക്കുമ്പോൾ
മുതലുള്ള
സൗഹൃദമായി
രുന്നു.
ഇപ്പോൾ
കോളേജിലും
ഒരുമിച്ച്.
രണ്ടുവർഷം
മുൻപ്
ആയിഷയ്ക്ക്
ദുബായിലേക്ക്
പോകേണ്ടിവ
ന്നു.
അതിനുശേഷം
ഇന്നാണ്
അവർ
കാണുന്നത് .
ആയിഷ
നോക്കിക്കാ
ണുകയായിരു
ന്നു.ആ പഴയ
ചിരിയില്ല.അവ
ളുടെ
നിർത്താതെയു
ള്ള
സംസാരവും
ഇല്ല തൻറെ
വേദു ഒരുപാടു
മാറിയിരുന്നു .
എന്തായിരിക്കു
ം അതിനുള്ള
കാരണം
.ആയിഷുവി
ന്റെ മനസ്സിന്റെ
ഉള്ളിൽ
തീയായിരുന്നു
അവളെ
ഇങ്ങനെ
കണ്ടിട്ട് .വേദു
നോട്
കാരണം
ചോദിച്ചപ്പോൾ
ഒരു
പൊട്ടിക്കരച്ചില
ായിരുന്നു
അതിൻറെ
മറുപടി.
ആ രാത്രി
അവളുടെ
മനസ്സിലൂടെ
മിന്നി മാഞ്ഞു.
അവൾ
ആലോചിക്കുക
യായിരുന്നു
അവളുടെജീവി
തം മാറ്റിമറിച്ച
ആ
രാത്രിയെക്കുറി
ച്ച് .ഇന്നും
അവൾക്ക്
എന്താണ്
നടന്നതെന്ന്
മനസ്സിലാകുന്നി
ല്ല എന്നാലും
അവൾ
പറഞ്ഞു
തുടങ്ങി.
അന്ന് രാത്രി
അച്ഛനും
അമ്മയും ഒത്ത്
കാറിൽ
വരുകയായിരു
ന്നു .കുറച്ചു
ദൂരം

ചെന്നപ്പോൾ മൂന്നാലുപേർ വന്ന് കാറ് നിർത്തി തന്നെയും വലിച്ചു പോകുന്നു .പിന്നെ കണ്ണ് തുറക്കുമ്പതന്റെ അതേ പ്രായത്തിലുള്ള പെൺകുട്ടികൾ അവൾക്ക് അവിടെ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണം എന്നായിരുന്നു.

അവർകുറെ ഉപദ്രവിച്ചു .പിന്നെയാണ് അതിലെ ഒരാൾ ഫോൺ വിളിക്കുന്നത് കേട്ടത്. ഞങ്ങളെയെല്ലാം വിൽക്കാൻ പോകുകയാണ്.ഒരു പുച്ഛത്തോടെ പറഞ്ഞു വേദു നിർത്തി.ആയിഷയ്ക്ക് അവളോട് എന്തു പറയണം എന്ന് അറിയില്ലായിരുന്നു. ഒരു നെടുവീർപ്പ് എടുത്ത് വേദു പറഞ്ഞു തുടങ്ങി. അവിടെ നിന്ന് രക്ഷപ്പെടാൻ എന്റെ ഫോൺ എടുത്ത് ആരും കാണാതെ മെസ്സേജ് അയച്ചു .ലൊക്കേഷനും അയച്ചുകൊടുത്തു. അഞ്ചു മിനിറ്റ് കഴിഞ്ഞപ്പോൾ പോലീസ് വണ്ടിയുടെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു അത് കേട്ട് അവിടെയുള്ളവരെല്ലാം ഓടി രക്ഷപ്പെട്ടു ഞങ്ങൾ അവിടെ നിന്ന് രക്ഷപ്പെട്ടെങ്കിലും പാർട്ടി സ്വാധീനം കൊണ്ട് കേസിൽ നിന്നെല്ലാം അവർ രക്ഷപ്പെട്ടു .വേദുപറഞ്ഞു നിർത്തി പേടിയാടോ .അവർ ഇനിയും വന്നാലോ ജീവിക്കാൻ പേടിയാ കേസ് കൊടുക്കാൻ ആരും മുന്നോട്ടുവന്നില്ല .എല്ലാവർക്കും അവരെ പേടിയാണ് എത്രയെന്ന് വച്ചിട്ടാ ഇങ്ങനെ ജീവിക്കുക .ആയിഷ അവളോട് ചോദിച്ചു നീ തയ്യാറാണോ കേസ് കൊടുക്കാൻ .അത്ഭുതത്തോടെ

ഈറനണിഞ്ഞ കണ്ണുകൾ കൊണ്ട് നോക്കി ചോദിച്ചു നീ എൻ്റ കൂടെ നിൽക്കുമോ? ആ ഒരു ചോദ്യം കേട്ടപ്പോൾ തന്നെ ആയിഷ വേദുവിനെയും കൂട്ടി പോയി കേസ് ചെയ്തു തെളിവുകളും സമർപ്പിച്ചു .ഇന്നാണ് കേസിന്റെ വാദം .ധർമ്മം വിജയിക്കുമോ അതോ അധർമമോ അവൾക്ക് നീതി കിട്ടട്ടെ ധർമ്മം വിജയിക്കട്ടെ .

.

ഒ.



**നവനീത.സി .**
**9H**



# ലഹരിക്കെതിരെ ആഞ്ഞടിക്കാം

മനുഷ്യനെ ശാരീരികമായും മാനസികമായും തകർക്കുന്ന സാമൂഹ്യ വിപത്താണ് ലഹരി.വ്യത്യസ്ത രൂപങ്ങളിലും, ഭാവങ്ങളിലും, ആഗോള സമൂഹത്തിൽ ലഹരി പടർന്നുപന്തലിച്ച കഴിഞ്ഞു.ലഹരിക്ക് അടിമപ്പെടുന്ന വിദ്യാർത്ഥികൾ കേരളത്തിന്റെ വലിയൊരു സാമൂഹിക പ്രശ്നം തന്നെയാണ്. ലഹരിവിമുക്ത ഭാവി കേരളമെന്ന ലക്ഷ്യം കൈവരിക്കാൻ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾക്കതീതരായേ മതിയാവൂ. ജീവിതം തന്നെയാണവർക്ക് ലഹരിയാകേണ്ടത്.ലഹരിപദാർത്ഥങ്ങൾക്ക് അടിപ്പെട്ടു പോകുന്നത് വഴി ജീവിതം വളരെ മോശമായ നിലവാരത്തിലെത്തുകയും അത് ആത്മഹത്യയിലേക്ക് വരെ നയിക്കുകയും ചെയ്യുന്നു.മാത്രമല്ല നിരവധി ശാരീരിക മാനസിക പ്രശ്നങ്ങൾക്കും ഇത് കാരണമാകുന്നു. കുട്ടികളും യുവജനങ്ങളുമാണ് പലപ്പോഴും ലഹരിയുടെ കെണിയിൽ വീഴുന്നത്.

ജീവിതം പോലും വഴിതെറ്റിക്കുന്ന ഈ വസ്തുക്കളെ കുറിച്ച് യുവജനങ്ങൾക്ക് വേണ്ടത്ര അറിവില്ല എന്നതാണ് യാഥാർത്ഥ്യം. കേവലം ഒരു വിനോദത്തിനുവേണ്ടി ആരംഭിക്കുന്ന തലശീലങ്ങളും പിന്നീട് ഒഴിവാക്കാനാവാത്ത ലഹരിയോടുള്ള അടിമത്തമായി മാറുന്നു. ഒരിക്കലും പിന്മാറാൻ സാധിക്കാത്ത ലഹരിയുടെ അഘാത ശർത്തത്തിലേക്കു അവർ വീണുപോകുന്നു. ആഗോള വ്യാപകമായ



ഹരിക്കെതിരെ പ്രതിഷേധ സമരങ്ങളും ജനകീയ
മുന്നേറ്റങ്ങളും
വർധിച്ചുവരുമ്പോഴും ജനങ്ങൾക്കിടയിലുള്ള ലഹരിയുടെ
സ്വാധീനം
അതിന് അനുപാതികമായി വളരുന്നുവെന്നത്
ആശങ്കയുണർത്തുന്ന
കാര്യമാണ്. അതിനാൽ ലഹരി ഉപയോഗിക്കുന്നതിനെതിരെ
പ്രചാരണം നടത്തുക മാത്രമല്ല ഓരോരുത്തരും ലഹരി
ഉപയോഗിക്കില്ല എന്ന ഉറച്ച തീരുമാനം കൂടി എടുക്കണം.

# ബാല്യം

ബാല്യത്തിലെന്നാശ വലുതാകാൻ
ഇന്നെന്നാശയോ ചെറുതാകാൻ
അന്നെന്റെ മോഹങ്ങൾക്കഴകുണ്ട്
ഇന്നെന്റെ മോഹത്തിന്നതിരുണ്ട്.

അന്നെന്റെചിരികളിൽ പ്രിയതുണ്ട് അമൃതുണ്ട്
ഇന്നെന്റെ ചിരികളിൽ നനവുണ്ട് കനലുണ്ട്
അന്നത്തെ സൗഹൃദം പ്രിയമോർമ കുളിരോർമ
ഇന്നത്തെ സൗഹൃദം ചഞ്ചലം,ക്ഷണ മാത്ര.

അന്നത്തെ പങ്കിടൽ ഓർക്കുകിൽ മോഹനം
ഇന്നത്തെ പങ്കിടൽ കാര്യത്തിനായ് മാത്രം
ആവതില്ലെങ്കിലും ഇന്നുമാശിക്കുന്നു
ഒരുമാത്രയെങ്കിലും ചെറുതായിരുന്നെങ്കിൽ.



സജിത. ഐ.വി
അധ്യാപിക

# ഒരു കൊറോണ കാലം

ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് കൊറോണ എന്ന
മഹാമാരി വരുന്നത്. ഒരു ദിവസം ഉച്ചയ്ക്ക് സ്കൂൾ വിട്ടു .അന്ന്
ഞങ്ങളുടെ ക്ലാസ് ടീച്ചർ ആയ ദിവ്യ ടീച്ചർ പറഞ്ഞു .ഇനി കുറച്ച്
കാലം നമ്മുടെ സ്കൂളിന് അവധിയാണ് .അന്ന് നല്ല സന്തോഷം
തോന്നി. സ്കൂളിന് അവധി ആയതുകൊണ്ട് വീട്ടിലിരുന്ന് കളിക്കാം
എന്നൊക്കെ വിചാരിച്ചു.
അങ്ങനെ ഒരുപാട് ദിവസമായി സ്കൂളിന് അവധി .പുറത്തുപോകാൻ
കഴിയില്ല .കൊറോണ വൈറസ് വരാതിരിക്കാൻ മാസ്ക്
ധരിക്കണം സാനിറ്റൈസർ ഉപയോഗിക്കണം .ടി.വി,റേഡിയോ
വാർത്തകളിൽ കൊറോണ നിറഞ്ഞുനിന്നു .കാണുമ്പോൾ ലോകം
മൊത്തം കൊറോണ എന്ന മഹാമാരി .ഈ കൊറോണ വൈറസ്
കാരണം ഒരുപാട് പേർ മരിച്ചു. പലർക്കും അച്ഛൻ അമ്മ മക്കൾ
ഒക്കെ നഷ്ടമായി .
ഈ മഹാമാരി തടയാൻ വാക്സിൻ എടുക്കണം. നമ്മുടെ നാട്ടിൽ
നിന്ന് അന്യ നാട്ടിലേക്ക് ജോലിക്ക് പോയ പ്രവാസികൾക്ക്
ജോലിയില്ലാതായി.നാട്ടിലേക്ക് തിരിച്ചുവരാൻ കഴിയാതായി
അങ്ങനെയങ്ങനെ ഒരുപാട് കഷ്ടപ്പാടുകൾ പതുക്കെപതുക്കെ
കൊറോണ എന്ന മഹാമാരി കുറഞ്ഞു വരാൻ തുടങ്ങി.
പിന്നീട് രണ്ടു വർഷത്തിനുശേഷം സ്കൂൾ തുറന്നു സ്കൂൾ
തുറന്നു. പുതിയ കൂട്ടുകാർ പുതിയ
അധ്യാപകർ പുതിയ ലോകം. ഈപുതിയ
ലോകത്ത് എല്ലാം മനുഷ്യരുടെയും മുഖം
മറഞ്ഞിരിക്കുകയാണ് .ക്ലാസ് റൂമിൽ പഴയപോലെ
കൂട്ടുകാരോടൊപ്പം കളിയില്ല
ആഘോഷങ്ങളില്ല ഈ
കൊറോണക്കാലത്ത് ഒരുപാട് പുതിയ
വാക്കുകൾ കേട്ടു. വാക്സിൻ
മാസ്ക് സാനിറ്റൈസർ ലോക്ക്ഡൗൺ
ക്വാറന്റീൻ കോവിഡ് 19.....
.....
ഈ നീണ്ട രണ്ടു വർഷത്തിനുള്ളിൽ കുട്ടികൾക്ക് ഇടയിൽ
മൊബൈൽ ഫോണിൻറെ ഉപയോഗം കൂടി കുട്ടികൾക്ക്
ഓൺലൈൻ ക്ലാസ് ആയതുകൊണ്ട്
സ്വന്തമായി മൊബൈൽ ഫോണുകൾ കിട്ടി. കുട്ടികൾക്ക്
ഇടയിലുള്ള മൊബൈൽ ഫോണിന്റെ ദുരുപയോഗവും കൂടി.
കുട്ടികൾക്ക് പഴയപോലെ കൂട്ടുകാരും ഒത്തുള്ള കളിയില്ല
സംസാരമില്ല. മൊബൈൽ ഫോണാണ് അവരുടെ പുതിയ
ലോകം . സ്നേഹബന്ധത്തിന് ഒരു വിലയുമില്ല .മക്കൾക്ക് അവരുടെ
മാതാപിതാക്കളോടൊപ്പം കുറച്ച് സമയം ചിലവഴിക്കാൻ നേരമില്ല.
അവർ അവരുടെ പുതിയ ലോകത്താണ്.അങ്ങനെ
സ്നേഹബന്ധത്തിന്റെ ആഴം കുറയുന്നു
നമ്മുടെ ചുറ്റിലും കാണാതെ പോയ
എത്ര നിമിഷങ്ങളാണ് അവർക്ക്
നഷ്ടപ്പെടുന്നത്

# പ്രകൃതി



പ്രകൃതി നമ്മുടെ അമ്മയാണ്
പ്രകൃതി നമ്മുടെ അന്നമാണ്
പ്രകൃതി നമ്മുടെ ദേവിയാണ്
അന്നവുംവെള്ളവുംനൽകുന്നവൾ
എന്നിട്ടും നമ്മളാ പ്രകൃതിയെ
എന്തിനി ഉപദ്രവിക്കുന്നു
പ്രകൃതി തന്നുടെ കണ്ണുനീർ
മാരിയായ് പെയ്തു
മഹാപ്രളയമെന്നാ മാരി തന്നെ
നമ്മുടെ ദുഷ്കർമ്മങ്ങൾ
നമുക്കു തന്നെ ദോഷമായി
തീരുന്നു
പ്രകൃതിയെ അമ്മയായി
കരുതണം
പക്ഷേ ശത്രുവായി കരുതരുത്

**ശ്രീലക്ഷ്മി.പി.പി.**
9.H.



# പുണ്യനദി പമ്പ



കേരളത്തിൽ എല്ലായിടത്തും പുണ്യ നദി എന്ന പേരിൽ അറിയപ്പെടുന്ന.ഞാൻ പെരിയാറിനും ഭാരതപ്പുഴക്കും ശേഷം ഇന്ത്യൻ സംസ്ഥാനമായ കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയാണ്. പമ്പാനദിയായ ഞാൻ ശബരിമലയിലെ അയ്യപ്പക്ഷേത്രത്തിന്റെ സാന്നിധ്യം മൂലം പുണ്യനദിയായി അറിയപ്പെടുന്നു.അച്ചൻകോവിലാറും മണിമലയാറുമാണ് എൻെറ പോഷകനദികൾ .ഞാൻ ദക്ഷിണ ഭാഗീരഥി എന്ന പേരിലും അറിയപ്പെടുന്നു.

കൃതിക ദാസ്.
9A







ജയപ്രഭ
അധ്യാപിക


# തിരിച്ചറിവ്

അവൾ
ചിതലു പിടിച്ച പുസ്തകത്തിൽ നിന്നും കുതറി രക്ഷപ്പെടാൻ ശ്രമിക്കുന്ന
അക്ഷരങ്ങൾ പോലെ
പൊങ്ങി നീന്താൻ ശ്രമിക്കുമ്പോഴും ആഴങ്ങളിലേക്ക് മുങ്ങിത്താണ്...
പിടിവള്ളിക്കു വേണ്ടി യേന്തുമ്പോൾ ഒരു കച്ചിത്തുരുമ്പ് പോലുമില്ലാതെ
വക്കുപൊട്ടിയ വാക്കുകൾ തേടിക്കൊണ്ടേയിരിക്കുമ്പോൾ
ജീവിതത്തിൻ്റെ പൊരുളും തേടി ഒടുവിൽ ഒരു മഞ്ഞുതുള്ളി പോലെ
ലോകം തന്നിലേക്ക് ചുരുങ്ങുന്നത് അവളറിഞ്ഞു
അതോടൊപ്പം ഉള്ളിൽ ഒരു കുഞ്ഞുസൂര്യനുണ്ടെന്നും







# കോവിഡുട്ടി

കോവിഡ് മഹാമാരി ലോകത്ത് നാശം വിതച്ചിട്ട് ഏകദേശം രണ്ടുവർഷം പിന്നിടുന്നു അപ്രതീക്ഷിതമായി വന്ന അടച്ചു പൂട്ടലുകൾ എല്ലാവരെയും ദുരിതത്തിൽ ആക്കി മുതിർന്നവരെക്കാൾ ബുദ്ധിമുട്ടാണ് കുട്ടികൾക്ക് ഉണ്ടായത് വിദ്യാലയങ്ങളിൽ കൂട്ടുകാരോടൊത്ത് പഠിച്ചും കളിച്ചും നടന്ന കുട്ടികൾ ഒരു അപ്രതീക്ഷിതപ്രഹനമാണ്.

മാർച്ചിലെ വാർഷിക പരീക്ഷയും കഴിഞ്ഞ് രക്ഷിതാക്കളോടൊപ്പം ബന്ധുവീട് സന്ദർശനവും വിനോദയാത്രയും കൂട്ടുകാരോടൊത്തുള്ള വിനോദവും എല്ലാം പ്രതീക്ഷിച്ച കുട്ടികൾക്ക് ലോക്ക് ഡൗൺ ഒരു തീരാനഷ്ടമാണ്.ഓൺലൈൻ ക്ലാസുകളും കുട്ടികൾ എങ്ങനെ സ്വീകരിച്ചുവന്നതുംചിന്തനീയമാണ്. സ്വന്തം വീടുകളിൽ അടച്ചുപൂട്ടി കഴിയുന്ന അവരുടെ മാനസികാവസ്ഥ വളരെ പരിതാപനായിരുന്നു. അതുപോലെ ഒന്നര വർഷക്കാലത്തെ സ്കൂൾ അടച്ചിടൽ കുട്ടികളുടെ സാമൂഹിക ഇടപെടലും ശാരീരിക ക്ഷമതയിലും വലിയ വിടവാണ് വരുത്തിയത് എന്നാൽ എല്ലാവരുടെയും നിരന്തരമായ പരിശ്രമം മൂലം കുട്ടികൾക്ക് അവരുടെ പഴയ ജീവിതത്തിലേക്ക് മടങ്ങാൻ സാധിച്ചിട്ടുണ്ടെന്നതിൽ ആശ്വാസം കണ്ടെത്താം.



ഖദീജ ബില്ല
9 ഐ

## നിഴലിനെ നീക്കും പ്രഭ

നാം കാണുന്ന രീതിയെങ്ങനെയാണോ
അതാണ് ലോകം. തിളക്കമില്ലാത്ത
പകലിനെ കണ്ട് രാത്രിയാണെന്ന്
കരുതരുതരുത് .നമ്മെ അടുത്തറിഞ്ഞ നിഴലിന് പോ -
ലുമറിയില്ല നമുക്കുള്ളിൽ മൂടി കിടക്കുന്ന
യഥാർത്ഥ നമ്മെ.
നിഴലിനെ പോലെ കൂടെ നടന്നിട്ടും
തിരിച്ചറിയാതെ പോയവരുടെയും ,
തിരിച്ചറിയപ്പെടാത്തവരുടെയും കണ്ണു -
കളിൽ ഈ ലോകം എന്നും ഇരുൾ
മൂടിയതായിരിക്കും.
സ്വയം പഴിച്ച് കൊണ്ട് ആഴങ്ങളിലേക്കു
ഉൾവലിഞ്ഞ് പോയ കടലിനെ
ഓരോ സന്ധ്യയിലും കടലിലേക്ക് ഇറങ്ങി
ചെന്ന് ചേർത്ത് പിടിക്കുന്ന സൂര്യൻ
വെളിച്ചം പരത്തുന്ന സൂര്യൻ !!
ജീവിതമാകുന്ന സൂര്യൻ......
പ്രഭയാകുന്ന സൂര്യൻ.....

# അക്ഷര വിഭജനം

ജനനത്തിനും മരണത്തിനും മൂന്നക്ഷരം
അതിനിടക്കുള്ള ജീവിതത്തിനും മൂന്നക്ഷരം മാത്രം
അനുഭവിക്കേണ്ട സന്തോഷത്തിനും വിഷമത്തിനും
നൊമ്പരത്തിനും വിരഹത്തിനും – മൂന്നക്ഷരം ,
ഏർപ്പെടുന്ന തൊഴിലിനും പ്രവാസത്തിനും , സമ്പത്തിനും
ദാരിദ്ര്യത്തിനും –
മൂന്നക്ഷരം തന്നെ
ജീവിതത്തിന്റെ ഇടയിലുള്ള പ്രണയത്തിനും വിവാഹത്തിനും
സുഹൃത്തിനും മൂന്നക്ഷരം മാത്രം
പ്രകൃതിയേ നിനക്കും
പ്രവാഹമേ നിനക്കും , മൂന്നക്ഷരംഅവസാനം മനുഷ്യാ നിനക്ക് പോകേണ്ട ഭവനത്തിനും
മൂന്നക്ഷരം
അത് ഖബറായാലും മണ്ണറയായാലും കല്ലറയായാലു



മുഹമ്മദ് സിനാൻ ടി.പി
9E

# നദി

നദിയേ ഞാൻ നിന്നിൽ അലിയുന്നു

നിൻറെ നനുത്ത വെള്ളി അരഞ്ഞാണങ്ങളെ ഞാൻ ആസ്വദിക്കട്ടെ

വരു എൻറെ പാദങ്ങളെ കുളിരണിയിപ്പിക്കാൻ

സൂര്യനാൽ തിളങ്ങുന്ന നിൻ മിഴിഴകിനെ ഒന്നു തൊട്ടോട്ടെ ഞാൻ

വരു ദാഹത്താൽ കൊതിക്കുന്ന എൻെറ നാവിനെ നനവാൽ മുത്തമിടാൻ

നിൻ നീല ശോഭ എന്ന നിന്നിലേക്ക് മാടി വിളിക്കുന്നു.

വരു എൻറെ മൃദുലമായ കൈക്കുടന്നലേക്ക് .

വെള്ളാരം കല്ലുകളെ വെല്ലുന്ന നിന്നലകളെ

ഞാൻ എന്റെ മനസ്സിന്നുള്ളിലെ

വർണ്ണ ചിറകുള്ള ചിത്രങ്ങൾ ആകട്ടെ



സഞ്ജന കൃഷ്ണ

9 F



# മനസ്സ്

ഓടിയിറങ്ങി
വേലിക്കലെത്തി
നഖം കടിച്ച്
മുഖം തിരിച്ച്
ഇടയ്ക്കിടെ കണ്ണുതുടച്ച്
കൂട്ടില്ലെന്ന് പുറംതിരിഞ്ഞ്
പതം പറഞ്ഞ്
പിൻവിളി കുടഞ്ഞെറിഞ്ഞ്
പുറപ്പെട്ടു പോകുന്നു
മനസ്സ്

അനിഷ .പി.പി.
അധ്യാപിക



ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിന് എല്ലാ പിന്തുണയും നൽകിയ മുഴുവൻ
വിദ്യാർത്ഥികൾക്കും അധ്യാപകർക്കും
ലിറ്റിൽകൈറ്റ്സഐടി ക്ലബ്ബിന്റ പേരിൽ നന്ദി
രേഖപ്പെടുത്തുന്നു.